(സി) രണ്ടാം വർഷം നടപ്പിലാക്കാൻ തീരുമാനിച്ച ഇരിക്കൂർ ബ്ലോക്കിലെ പദ്ധതികൾ അതേവർഷം നടപ്പിലാക്കേണ്ടായെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതി 2000-2001 വർഷം സംസ്ഥാനത്ത് നാലു ബ്ലോക്കുകളിലാണ് നടപ്പിലാക്കിയത്. പണികളുടെ വിശദവിവരം, ഭൗതിക സാമ്പത്തിക പുരോഗതി എന്നിവ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

(സി) ഇരിക്കൂർ ബ്ലോക്കിൽ ഇതേവരെ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

(ഡി) ഏറ്റവും കൂടുതൽ ഒറ്റപ്പെട്ട സങ്കേതങ്ങൾ സ്ഥിതിചെയ്യുന്ന ബ്ലോക്കുകൾ ജില്ലാതലത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചാണ് ഏറ്റെടുക്കുന്നത്. പദ്ധതിയുടെ വാർഷിക വിഹിതം പരിമിതമായതിനാൽ ജില്ലാതലത്തിൽ നിശ്ചയിച്ച മുൻഗണനാക്രമം അനുസരിച്ച് ഇരിക്കൂർ ബ്ലോക്കിൽ പദ്ധതി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

എം. എൽ. എ. മാരെ ഉൾപ്പെടുത്തി ഡി.ആർ.ഡി.എ.യുടെ ഗവേണിംഗ് ബോഡി രൂപീകരിക്കുവാൻ നടപടി

131 (2263) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. ആർ.ഡി.എ.-യുടെ വിവിധ വികസന പ്രവർത്തനങ്ങളിൽ എം. എൽ. എ. മാരെ ഉൾപ്പെടുത്തി ഗവേണിംഗ് ബോഡി രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി ഡി.ആർ.ഡി.എ. കളുടെ ഗവേണിംഗ് ബോഡി രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly